മാനന്തവാടി താലൂക്കിലെ വാളാട് പുഴയ്ക്ക് കുറുകെ പാലം

134 (2115) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ വാളാട് പുഴയ്ക്ക് കുറുകെ പാലം പണിയണമെന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തു നടപടി സ്വീകരിച്ചു ; ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതിന് ആവശ്യമായ തുക ഏതെങ്കിലും ധനകാര്യ ഏജൻസികൾ വഴി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പാലത്തിന്റെ പണി എന്നു തുടങ്ങി എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(സി) നബാർഡിൽ നിന്നും ധനസഹായം ലഭിക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം ടെണ്ടർ ചെയ്യാവുന്നതാണ്.

കുത്താട്ടുകുളം പാലം പുനർനിർമ്മാണം

135 (2116) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.സി. റോഡിൽ കുത്താട്ടുകുളം ടൗണിൽ അപകടസ്ഥിതിയിൽ ആയിരുന്ന പാലം പുനർനിർമ്മാണം എന്നാണ് പൂർത്തിയായത് ;

(ബി) 2000 ജനുവരി 3-ാം തീയതി പഴയപാലം പൊളിച്ച് പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ പ്രസ്തുത പാലം നിർമ്മാണത്തിന് ആവശ്യമായ അനുമതി ലഭിച്ചിരുന്നോ ; ഇതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും എന്നാണ് ലഭിച്ചത് ; പ്രസ്തുത അനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ നിർമ്മാണവേല ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) 2000 ജനുവരി 3-ന് പ്രസ്തുത പണി ആരംഭിച്ചത് ഏത് വിധേയനാണ് ; ഈ നിർമ്മാണ ജോലിക്ക് കരാറുകൾ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ് ; ഈ ജോലിക്ക് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ;

(എഫ്) ഏതെങ്കിലും നിർമ്മാണ ജോലി ഡിപ്പാർട്ടുമെന്റലായി ചെയ്യുവാൻ മുൻകൂട്ടി ഗവൺമെന്റിന്റെ അനുമതി ആവശ്യമുണ്ടോ ;

(ജി) ഈ പാലം പണി ആരംഭിക്കുന്നതിന് മുമ്പ് ഏതെങ്കിലും വിധത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) എം.സി. റോഡിലെ കൂത്താട്ടുകുളം പാലം പുതുക്കി പണിയാത്തതിനെ തുടർന്ന് സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ സത്യാഗ്രഹസമരം നടന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) പ്രസ്തുത പാലം പുതുക്കിപ്പണിയുവാൻ ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചിട്ടുള്ളതായി 6-12-1999 തീയതി വച്ച് എൽ.ഡി.എഫ്. കമ്മിറ്റി പുറപ്പെടുവിച്ച പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പുനർ നിർമ്മാണം പൂർത്തിയായിട്ടില്ല.

(ബി) അനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി 24-2-2000-ലും സാങ്കേതികാനുമതി 28-2-2000-ലും ഭരണാനുമതിയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു†.

(സി) വളരെ പെട്ടെന്ന് ചെയ്തു തീർക്കേണ്ട പണിയായതിനാൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ഏറ്റെടുത്താണ് പണി നടത്തിവരുന്നത്. അതുകൊണ്ട് ദർഘാസ് ക്ഷണിച്ചിട്ടില്ല.

(ഡി) ഡിപ്പാർട്ടുമെന്റ് നേരിട്ടാണ് പണി ആരംഭിച്ചത്. നിലവിലുള്ള (ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന പണികൾ) നിയമങ്ങൾ തന്നെയാണ് പ്രസ്തുത പണിക്കും ബാധകമായിട്ടുള്ളത്.

(ഇ) ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന പണികൾക്കുള്ള നിയമങ്ങളാണ് ഇതിന് ബാധകമായിട്ടുള്ളത്. മൂവാറ്റുപുഴ റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മൂവാറ്റുപുഴ, അസിസ്റ്റന്റ് എൻജിനീയർ, റോഡ്സ് സെക്ഷൻ, മൂവാറ്റുപുഴ എന്നീ ഉദ്യോഗസ്ഥന്മാർക്കാണ് പ്രസ്തുത പാലം പണിയുടെ മേൽനോട്ടം.

(എഫ്) 10 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

(ജി) പ്രസ്തുത പാലം പണിക്ക് അനുമതി നൽകിയിട്ടുണ്ട്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXII

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 135(2116)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

PUBLIC WORKS DEPARTMENT - ROAD DIVISION, MUVATTUPUZHA - CONSTRUCTION OF TWIN BOX CULVERT AT KOOTHATTUKULAM TOWN CH 189/900 OF M.C. ROAD - ADMINISTRATIVE SANCTION AND SPECIAL SANCTION- DEPARTMENT EXECUTION ACCORDED- ORDERS ISSUED.

Public Works (K) Department

G.O.(Rt.) No. 178/2000/PWD *Dated, Thiruvananthapuram 24th Februvary 2000*

Read:—Letter No. C5/53211/99 dated 4-12-1999 from the Chief Engineer (R&B) Thiruvananthapuram.

ORDER

In the circumstances reported by the Chief Engineer (Roads & Bridges) in his letter read above Administrative Sanction with Special Sanction is accorded for the construction of a twin box culvert at Koothattukulam town Ch. 189/900 of M.C. road at an estimated cost Rs. 40 lakhs. Sanction is also accorded for departmental execution of the work at a rate not exceeding 33% above estimated cost.

2. No. additional funds will be authorised for the work in the current financial year.

By Order of the Governor,

C. SEETHALEKSHMY
Under Secretary.

To

The Chief Engineer (R & B) PWD, Thiruvananthapuram.
The Superintending Engineer (R & B) South Circle, Thiruvananthapuram.
The Executive Engineer, Roads Division, Muvattupuzha.
The Finance Department (vide. U.O. No. 7094/Ind&PWB 1/2000/ Fin & 10708/Ind & PWB1/2000/Fin dated 17-2-2000)
The Accountant General (Audit/A&E) Kerala, Thiruvananthapuram S/F O/C.

935/2010

LIBRARY ARCHIVES Kerala Legislative Assembly